പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ --**1310** **15.06.2012-** ലെ മറുപടിക്ക്

<u>പ്രവാസി ക്ഷേമപദ്ധതികൾ</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| <u>ശ്രീ. എം. ഉമ്മർ</u> | <u>ശ്രീ. കെ. സി. ജോസഫ്</u><br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും പ്രവാസികേരളീയകാര്യവും വകുപ്പ് മന്ത്രി)* |
| (എ) പ്രവാസി മലയാളികളുടെ ക്ഷേമത്തിനായി ആവിഷ്കരിച്ച പ്രധാന പദ്ധതികൾ എന്തെല്ലാമാണ്; | (എ) പ്രവാസി ക്ഷേമ ബോർഡിൽ അംഗങ്ങൾ ആയവർക്ക് പെൻഷൻ, കുടുംബ പെൻഷൻ, ചികിത്സാ ധനസഹായം ആശ്രിതർക്ക് മരണാനന്തര ധനസഹായം, വിദ്യാഭ്യാസ ആനുകൂല്യം, പ്രസവാനുകൂല്യം, ഭവന വായ്പ, സ്വയം തൊഴിൽ വായ്പ തുടങ്ങിയ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് പദ്ധതിയിൽ വ്യവസ്ഥയുണ്ട്. കൂടാതെ താഴെപ്പറയുന്ന പദ്ധതികളും വിപുലമാക്കിയിട്ടുണ്ട്.<br>1. പ്രവാസി തിരിച്ചറിയൽ കാർഡ്,ചെയർമാൻ ഫണ്ട് ആനുകൂല്യങ്ങൾ, സാന്ത്വന പദ്ധതി ആനുകൂല്യങ്ങൾ എന്നിവ വിപുലപ്പെടുത്തി.<br>2. സൗദി അറേബ്യയിലെ ജയിലുകളിൽ നിന്നും മോചിതരായവർക്കും പാസ്പോർട്ടും മറ്റ് രേഖകളും നഷ്ടപ്പെട്ട പ്രവാസികൾക്കും സ്വന്തം നാട്ടിലേക്ക് മടങ്ങുന്നതിനായി സൗജന്യടിക്കറ്റ് നൽകുന്ന "സ്വപ്നസാഫല്യം" എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.<br>3. 2012-13 സാമ്പത്തിക വർഷം തിരികെ വന്ന പ്രവാസികൾക്കായി പുനരധിവാസ പദ്ധതി രൂപീകരിക്കുന്നതിലേയ്ക്കായി 2 കോടി രൂപ സർക്കാർ പദ്ധതിയിനത്തിൽ അനുവദിച്ചിട്ടുണ്ട്.<br>4. ഇൻഡ്യയിലെ മറ്റ് സംസ്ഥാനങ്ങളിലുള്ള പ്രവാസി മലയാളികളുടെ ക്ഷേമത്തിനായി 2 ലക്ഷം രൂപയുടെ അപകട മരണ ഇൻഷുറൻസ് നൽകുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്. |

5. വിദേശത്ത് വച്ച് മരണപ്പെടുന്നവരുടെ മൃതദേഹം നാട്ടിലെത്തിക്കുന്നതിനു വേണ്ടി വരുന്ന ചെലവുകൾ വഹിക്കുന്നതിലേയ്ക്കായി 'കാരുണ്യം' എന്ന ഒരു പദ്ധതി നിലവിലുണ്ട്.
6. പ്രവാസി കേരളീയർ വിദേശത്ത് നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിലേയ്ക്കായി അവരുടെ പ്രശ്നങ്ങൾ അതാത് ഇന്ത്യൻ എംബസ്സിയുടെ ശ്രദ്ധയിൽകൊണ്ടുവരികയും തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു.

(ബി) പ്രവാസികൾക്ക് കൂടുതൽ ധനസഹായം നൽകുന്ന പദ്ധതികൾ പരിഗണിക്കുമോ;

(ബി) ഇതിനകം തന്നെ പ്രവാസികളുടെ ക്ഷേമത്തിനായി രൂപീകരിച്ച സാന്ത്വന പദ്ധതി, നോർക്ക – റൂട്ട്സ് ചെയർമാൻ ഫണ്ട്, തിരിച്ചറിയൽ കാർഡിനോടൊപ്പം നൽകുന്ന ഇൻഷുറൻസ് എന്നിവയിൽ നിന്നുള്ള ധനസഹായം വർദ്ധിപ്പിച്ചിട്ടുണ്ട്.

(സി) സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് നിലവിൽ പ്രത്യേക ഇളവുകളോ ആനുകൂല്യങ്ങളോ നൽകുന്നുണ്ടോ?

(സി) കേരള പ്രവാസി കേരളീയ ക്ഷേമനിധിയിൽ കുറഞ്ഞത് മൂന്നു വർഷക്കാലം തുടർച്ചയായി അംശാദായം അടച്ചുവരുന്ന കേരളത്തിലേക്ക് തിരിച്ചുവന്ന പ്രവാസി കേരളീയർ (*വിദേശം*) അംഗങ്ങൾക്കും, കല്പിതാംഗങ്ങൾക്കും കേരളത്തിൽ സ്വയം തൊഴിൽ കണ്ടെത്തുന്നതിനുവേണ്ടിയോ വ്യവസായ/വാണിജ്യ സ്ഥാപനങ്ങൾ തുടങ്ങുന്നതിനോ ഉപകരണങ്ങൾ, യന്ത്രങ്ങൾ, പണിയായുധങ്ങൾ, എന്നിവ വാങ്ങുന്നതിന്വേണ്ടിയോ പ്രവാസി ആശ്വാസനിധിയിൽ നിന്ന് നിബന്ധനകൾക്കനുസൃതമായി പലിശരഹിത വായ്പ നൽകുന്നതിന് പദ്ധതിയിൽ വ്യവസ്ഥയുണ്ട്.

സെക്ഷൻ ഓഫീസർ